# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.474 10.06.2014-ൽ മറുപടിക്ക്

ചോദ്യം ഉത്തരം

ശ്രീ.കെ.വി. വിജയദാസ്

**ശ്രീ.കെ.എം.മാണി**
ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി

## നടപ്പിലാക്കാൻ കഴിയാതെപോയ പദ്ധതികൾ

| | | |
|---|---|---|
| (എ) | 2014 മാർച്ച് 31-ലെ സ്റ്റേറ്റ്മെന്റ് പ്രകാരം കഴിഞ്ഞ വർഷത്തെ പ്ലാൻ, നോൺ-പ്ലാൻ ഫണ്ടിൽ വകയിരുത്തിയ തുകയുടേയും ചെലവഴിച്ച തുകയുടേയും വിശദാംശങ്ങൾ നൽകുമോ; | 2013-14 സാമ്പത്തിക വർഷം ബഡ്ജറ്റിൽ പ്ലാൻ ഇനത്തിൽ 14540 കോടി രൂപയും നോൺപ്ലാൻ ഇനത്തിൽ 55536.10 കോടി രൂപയും വകയിരുത്തിയിരുന്നു. അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം പ്ലാൻ ഇനത്തിൽ 10765.78 കോടി രൂപയും നോൺപ്ലാൻ ഇനത്തിൽ 54146 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | കഴിഞ്ഞ വർഷം ബജറ്റിൽ ഉൾപ്പെടുത്തിയതും നടപ്പിലാക്കാൻ കഴിയാത്തതുമായ പദ്ധതികളുടെ വിശദാംശങ്ങൾ നൽകുമോ ? | 2013-14 ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ വിവിധ ഭരണവകുപ്പുകൾ മുഖേനയാണ് നടപ്പിലാക്കുന്നത്. ഭരണ വകുപ്പിൽ നിന്നും ലഭ്യമായിക്കൊണ്ടിരിക്കുന്ന വിവരങ്ങൾ പ്രകാരം പ്രഖ്യാപിച്ച മിക്ക പദ്ധതികൾക്കും ഭരണാനുമതി നൽകുകയും അവയുടെ നിർവ്വഹണം വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചു വരുകയുമാണ്. നിർവ്വഹണം ആരംഭിച്ച പദ്ധതികളിൽ പലതും ദീർഘകാലാടിസ്ഥാനത്തിലായിരിക്കും പൂർത്തിയാകുക. എന്നാൽ ചില സാങ്കേതിക കാരണങ്ങൾ കൊണ്ട് ചുരുക്കം ചില പദ്ധതികൾ ഇനിയും ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. ഈ പദ്ധതികളും നടപ്പിലാക്കുവാനുള്ള ശ്രമങ്ങൾ നടന്നുവരുകയാണ്. പ്രധാനമായും നടപ്പിലാക്കാൻ കഴിയാത്ത പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>അലോപ്പതി ആയുർവേദ ഹോമിയോ സംവിധാനങ്ങൾ ഏകോപിപ്പിച്ച് ഹോളിസ്റ്റിക് ക്ലിനിക്കുകൾ ആരംഭിക്കുന്നത്, ജില്ലാ ആശുപത്രികളിൽ ക്യാൻസർ |

| | | | |
|---|---|---|---|
| | | | സെന്റർ സ്ഥാപിക്കുന്നത്, കാർഷിക വായ്പ തിരിച്ചടവിന് റിസ്ക് ഇൻഷുറൻസ്, ശുശ്രൂഷാ ഹൈടെക് ലാബുകളുടെ വിപുലീകരണം, മെഡിക്കൽ സിറ്റികളുടെ രൂപീകരണം, സൗരോർജ്ജ സംവിധാനത്തിന് സഹകരണസ്ഥാപനങ്ങൾ വഴി വായ്പയും, സബ്സിഡിയും, സർക്കാർ പ്രസ്സുകളിൽ ലോട്ടറി അച്ചടിക്കുന്ന മെഷീനുകൾ വാങ്ങുന്നത്, കരിയർ ഡെവലപ്മെന്റ് മിഷൻ, എല്ലാ കുടുംബങ്ങൾക്കുമായി സമഗ്ര ഇൻഷുറൻസ് പദ്ധതി, വ്യവസായ ട്രൈബ്യൂണലുകൾ, ഡൽഹി പോലുള്ള നഗരങ്ങളിൽ മലയാളം ഗ്രന്ഥശാല തുടങ്ങുന്നത്, ജലടാക്സി സംവിധാനം, ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ മാനേജ്മെന്റ് സെൽ സ്ഥാപിക്കുന്നത്, കുട്ടികളുടെ ഗ്രാമം പദ്ധതി, ചങ്ങനാശ്ശേരിയിലെ സ്പോർട്ട്സ് കോംപ്ലക്സ്, മൂന്നാറിൽ ഫിലിം ആർക്കേവ്സ്. |

സെക്ഷൻ ഓഫീസർ